# സർവ്വ ശിക്ഷാ അഭിയാൻ കേരളം

**602**

## നിരന്തര മൂല്യനിർണയം - യൂണിറ്റ് ടെസ്റ്റ്

**ചോദ്യ ബാങ്ക്**

ക്ലാസ്സ്: VI　　　　　　　　　　വിഷയം: മലയാളം

കേരളപാഠാവലി

**മേഖല : 1 - ആസ്വാദനക്കുറിപ്പ്**

**പ്രവർത്തനം 1**

''വർണ്ണസുരഭിയാം ഭൂമി''എന്ന യൂണിറ്റിലൂടെ പ്രകൃതി നമുക്ക് നൽകുന്ന സൗഭാഗ്യങ്ങൾ നാം ആസ്വദിച്ചുവല്ലോ. എൻഡോസൾഫാൻ മേഖലകളിൽ ജീവിക്കുന്ന കാസർഗോട്ടെ കുരുന്നുകൾക്ക് പ്രകൃതിയുടെ ഈ കനിവ് നഷ്ടപ്പെടുന്നതിന്റെ വേദന സുഗതകുമാരി യുടെ പേരിടാത്ത ഈ കവിതയിൽ നിന്ന് വായിച്ചെടുക്കാം.

ഇരുട്ടിനും ചൂടാണിവിടെ-
ക്കാറ്റിനും
മഴയ്ക്കും ചൂടാണ്, പുഴയ്ക്കും
ചൂടാണ്
നിനക്കായ് തങ്കമേ,
ചുരന്നൊലിക്കുമെൻ
മുലപ്പാലും നഞ്ഞുചുവയ്ക്കും
ചൂടാണ്.
കരയാൻ വയ്യാത്ത
മിഴിഞ്ഞ കണ്ണുള്ളോ-
രരുമപ്പൈതലേ,
നുണച്ചുറങ്ങുക



- പ്രകൃതി നൽകുന്ന വരദാനങ്ങൾ
- ജീവിതം നൽകുന്ന ആനന്ദം

അനുഭവിക്കാൻ കഴിയാത്ത ഈ കുഞ്ഞ് നമ്മൾക്കാരാണ്?

കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

**പ്രവർത്തനം 2**

"നന്മയുടെ പൂമരങ്ങൾ" എന്ന യൂണിറ്റിലൂടെ കുടുംബത്തിലെയും വിദ്യാലയത്തിലെയും, സമൂഹത്തിലെയും നന്മയുടെ പലഭാവങ്ങൾ നമ്മൾ കണ്ടു. പലപ്പോഴും ഇത്തരം നന്മകൾ വിശ്വസിക്കാൻ പ്രയാസമുള്ള അനുഭവങ്ങളായി നമുക്ക് മുന്നിൽ പ്രത്യക്ഷപ്പെടും.

താഴെകൊടുത്തിരിക്കുന്ന കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

**അച്ഛന്റെ മൗഢ്യം**

വിളറിത്തുറിച്ചിത്തിൾ-
പോലുള്ള മിഴികളും
വിറയ്ക്കും വെള്ളിക്കമ്പി-
ത്താടി മീശതൻ കെട്ടും
കീറിയ വസ്ത്രങ്ങളു-
മായൊരു വിദ്വാൻ വന്നു-
കേറിയെൻ വീട്ടിൽ, പ്രാത-
സ്സൂര്യ രശ്മിതൻ പിമ്പേ,
അല്പശങ്കമാംമന്ദ-
ഹാസവുമവന്നേകീ
അക്ഷരം പിരിയാത്ത
കൊഞ്ചലും മമ പുത്രൻ
ഉണ്ണിക്കൈത്തലത്തിലെ
ത്തോല്പന്തിൽ തുളവീണി-
ട്ടുള്ളതു കണ്ടെത്തിപ്പോ-
യാഗതനപ്പോഴേയ്ക്കും

തന്റെ കീശയിലാകെ-
യുള്ളൊരു വെള്ളിത്തുട്ടാ-
ത്തങ്ക വർണ്ണമാം കുഞ്ഞി-
ക്കൈയിൽ വെച്ചവൻ ചൊല്ലി,
'കിട്ടുമ്പോൾ പുതിയൊരു
പന്തു മേടിക്കാനായി-
പ്പെട്ടിയിൽ സ്സൂക്ഷിക്ക നീ'
ഇറങ്ങീമുറ്റത്തവൻ
'തിരികേ കൊടുക്കെ'ന്നു
കല്പിച്ചിലിരുവരും
കരയും : കുഞ്ഞിൻപിന്നിൽ
നില്പൂ ഞാൻ മൗഢ്യത്തോടെ
(കരതലാമലകം) (അക്കിത്തം)

**പ്രവർത്തനം 3**

ആരോടും പരിഭവമില്ലാതെ, പ്രതിഫലവും ആഗ്രഹിക്കാതെ എന്തെല്ലാം ജോലികളാണ് ദിവസേന അമ്മ ചെയ്തുകൊണ്ടിരിക്കുന്നത്. താഴെ കൊടുത്തിരിക്കുന്ന കവിത ശ്രദ്ധിച്ചു വായിക്കൂ.

**അമ്മ പാത്രം കഴുകുമ്പോൾ**

അമ്മ പാത്രം കഴുകുമ്പോൾ
എച്ചിൽ പാത്രത്തിലവശേഷിച്ചവയ്ക്ക്
ജീവൻ വയ്ക്കുന്നു.
മുള്ളുകൾ മാത്രമായിരുന്നവ
മീനുകളായി
അടുത്ത പുഴയിലേയ്ക്കു പോകുന്നു.
വേപ്പിലകൾ മുറ്റത്തെ

വേപ്പുമരത്തിലെത്തി
നേരിയ കാറ്റിലാടുന്നു
മുളകുകൾ അടുക്കളത്തോട്ടത്തിലെത്തി
കുശലം പറയുന്നു
ചോറ് നെൽവയലിലെത്തി
തരിക്കതിരിനെ തഴുകുന്നു
...............................................
നടുകുത്തിയിരുന്നു പാത്രം കഴുകുമ്പോൾ
അമ്മ മാത്രം
ആർക്കും വേണ്ടാത്ത ഒരു വസ്തുവാകുന്നു

(പുതുകവിതകൾ) (വി.ആർ. സന്തോഷ്)

**പ്രവർത്തനം 4**

'നന്മയുടെ പൂമരങ്ങളെ' പാഠഭാഗങ്ങളിലൂടെ നാം പരിചയപ്പെട്ടു. നമ്മുടെ ചുറ്റും എത്ര യെത്ര സംഭവങ്ങൾ ഇങ്ങനെ നടക്കുന്നുണ്ട്. നാം അത് ശ്രദ്ധിക്കാറുണ്ടോ? അത്തര മൊരു സംഭവമാണ് താഴെക്കൊടുത്തിരിക്കുന്ന കൊച്ചുകഥയുടെ വിഷയം.

## നനഞ്ഞ പെൺകുട്ടി

പെയ്തൊഴിയാത്ത മഴ. അദ്ധ്യാപക പരിശീലന കേന്ദ്രത്തിലേക്കുള്ള യാത്രയിൽ ഇടയ്ക്ക് മഴ ശമിക്കാൻ കയറി നിന്ന വെയിറ്റിംഗ് ഷെഡ്ഡിൽ തിരക്കു കൂടുതലായിരുന്നു. ഞാൻ അല്പം ദൂരെ മാറി ഇത്തിരി തിരക്കു കുറഞ്ഞ സ്ഥലത്തു ഒതുങ്ങി നിന്നു.

പെട്ടെന്നെന്റെ മുൻപിലൊരു നനഞ്ഞ പെൺകുട്ടി.
അവളുടെ കയ്യിൽ കാപ്പുപോലെയുള്ള നിരവധി വളകളും മാലകളും.

''അമ്മാ ഒന്നു വാങ്ങമ്മാ''

''പശിയ്ക്കണമ്മാ, അപ്പായ്ക്കു രാവിലെയും ഒന്നും കൊടുത്തില്ലമ്മാ. എന്റെ അപ്പായ്ക്കു സുഖമില്ലമ്മാ''

വാക്കുകളും രൂപവും മനസ്സിലെവിടെയോ ഉടക്കി. ബാഗിൽ നിന്ന് ഇരുപതു രൂപ കൊടുത്ത് വളവാങ്ങി ബാഗിലിടുമ്പോൾ, നനഞ്ഞ പെൺകുട്ടിയെ ഒന്നുകൂടി തിരിഞ്ഞു നോക്കി. അവൾ ഒറ്റ ഓട്ടത്തിന് സുഖമില്ലാത്ത അച്ഛൻ പുതച്ചുമൂടിയിരിക്കുന്ന കടത്തിണ്ണ യിലെത്തി. അപ്പോഴേയ്ക്കും മഴയ്ക്കുശക്തികൂടി. തുള്ളികൾക്കിടയിലൂടെ ആ രണ്ടു രൂപവും മറഞ്ഞ് അവ്യക്തമായി.

-സപര്യ- - പി.കെ.വിജയമ്മ -

ഈ കഥയ്ക്ക് ആസ്വാദനക്കിറിപ്പ് തയ്യാറാക്കുക

**പ്രവർത്തനം 5**

''വർണ്ണസുരഭിയാം ഭൂമി''യുടെ വിവിധ ഭാവങ്ങളിലൂടെ നാം കടന്നുപോയി. ആ ഭാവ പ്രകൃതിയിൽ മനുഷ്യനും ലയിക്കുമ്പോഴാണ് സൗന്ദര്യത്തിന് പൂർണ്ണത കൈവരുന്നത്. ആ ഭംഗിയിലേക്ക് ഒന്നു കൺതുറന്നാലോ.

## നമുക്കെന്തു ഭംഗി

നിർമ്മല സ്നേഹ വാക്കുകളായി-
നിൽക്കെ നോക്കൂ; നമുക്കെന്തു ഭംഗി !
ഒന്നു ചേർന്നീ ഹരിത തടത്തിൽ -
നിന്നു പാടും നമുക്കെന്തു ഭംഗി !
നൃത്ത വാദ്യ സംഗീതസദസ്സിൽ-
വൃത്തമാകും നമുക്കെന്തു ഭംഗി !
മണ്ണിൽ വേർപ്പായ് പൊടിച്ചിറങ്ങുമ്പോൾ
നമ്മിൽ പൂക്കുന്നതൊക്കെയും ഭംഗി!
നമ്മിലേക്കൂർന്നിറങ്ങി നിറയും
വിണ്ണിനും നോ, ക്കിതെന്തൊരു ഭംഗി !
നമ്മെ പുൽകിത്തഴുകുന്ന കാറ്റിൻ-
മർമരത്തിനുമെന്തൊരു ഭംഗി!
നമ്മെ നോക്കി തളിർത്തുലയുന്ന

കണ്ണുകൾക്കുമിന്നെന്തൊരു ഭംഗി!
നമ്മെ വാഴ്ത്തും പ്രപഞ്ചനാദത്തിൽ
തുള്ളിത്തൂവുന്ന തക്ഷരഭംഗി !
ഒത്തു നിന്നീ പുലർച്ചയെ നോക്കി
ശബ്ദശുദ്ധിയായിങ്ങനെ മാറാം ! -
'മർത്ത്യനെന്തൊരു
സുന്ദരനെന്ന -
സത്യം, നമ്മിലെ
ഭംഗിയാവട്ടെ !'

(നീലംപേരൂർ മധുസൂദനൻ നായർ)

ഈ കവിതയിൽ നിങ്ങളെ ആകർഷിച്ച ഘടകങ്ങൾ എന്തൊക്കെയാണ്? ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

## മേഖല: 2 – കഥാപാത്രനിരൂപണം

### പ്രവർത്തനം 1

ജീവിതത്തിൽ പലതരത്തിലുള്ള മനുഷ്യരെ നമ്മൾ കണ്ടുമുട്ടുന്നു. ചിലർ സ്വന്തം കാര്യവും, കുടുംബകാര്യവും മാത്രം നോക്കി ജീവിക്കുന്നവരാണ്. മറ്റു ചിലരാകട്ടെ സമൂഹത്തിന്റെ പ്രശ്നങ്ങളിലും സജീവമായി ഇടപെടുന്നു. ഇനിയും ചിലർ മനുഷ്യരെ മാത്രമല്ല പ്രകൃതിയെയും, അതിലെ ജീവജാലങ്ങളെയും സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. അവരുടെ പ്രവൃത്തികൾ ചിലപ്പോൾ നമുക്ക് മനസ്സിലായില്ലെന്ന് വരാം. കോപ്പനാശാരിയെ പരിചയപ്പെട്ടപ്പോൾ നിങ്ങൾക്ക് എന്താണ് തോന്നിയത്? അദ്ദേഹത്തിന്റെ സ്വഭാവവും പ്രവൃത്തികളും വിലയിരുത്തിക്കൊണ്ട് ഒരു നിരൂപണക്കുറിപ്പ് തയ്യാറാക്കുക.

### പ്രവർത്തനം 2

“സ്കൂൾവിട്ട് വീട്ടിലെത്തിയ അപ്പു ഷൂ ഊരിയെറിഞ്ഞ്, ടൈ പോലുമഴിക്കാതെ കട്ടിലിൽ കയറി കമഴ്ന്നുകിടന്നു. അമ്മയ്ക്ക് അത് കണ്ടിട്ട് അത്ഭുതമായി. ഇവനിതെന്തുപറ്റി. എന്നും സ്കൂൾ വിട്ടുവന്നാൽ നൂറായിരം വിശേഷങ്ങൾ പറയാറുള്ളതണല്ലോ? അമ്മയവനെ ബലമായി തിരിച്ചു കിടത്തി മുഖത്ത് തലോടി. അമ്മ ഞെട്ടിപ്പോയി അവന്റെ മുഖത്ത് കൈവിരലുകളുടെ തിണർത്ത പാടുകൾ! അടിച്ചതാണത്രേ......... ടീച്ചർ!”

നന്മയുടെ കടലാസിലെ നന്ദിനി ടീച്ചറെ നിങ്ങൾ ഓർക്കുന്നില്ലേ. ടീച്ചറിന്റെ സ്നേഹപൂർണ്ണമായ ഇടപെടലുകളിലൂടെ എന്തെല്ലാം മാറ്റങ്ങളാണ് കുട്ടികളിൽ ഉണ്ടായത്. നന്ദിനി ടീച്ചറിന്റെ സ്വഭാവസവിശേഷതകൾ ഉൾപ്പെടുത്തി കഥാപാത്രനിരൂപണക്കുറിപ്പ് തയ്യാറാക്കുക.

**പ്രവർത്തനം 3**

എല്ലാ അമ്മമാർക്കും മക്കളാണ് എറ്റവും വിലപ്പെട്ട നിധി. മാതൃസ്നേഹം അളക്കാൻ കഴിയുന്ന ഒന്നല്ല. തങ്ങളുടെ കുട്ടി ലോകത്തിലെ ഏറ്റവും വലിയവനാകണമെന്ന് എല്ലാ അമ്മമാരും ആഗ്രഹിക്കുന്നു. 'തൊപ്പിതുന്നുന്നവർ' എന്ന കഥയിലെ അമ്മയെ നിങ്ങൾ പരിചയപ്പെട്ടല്ലോ. ഈ അമ്മയിൽ നിങ്ങൾ കാണുന്ന സവിശേഷതകൾ എന്തൊക്കെയാണ്? ഈ കഥയിൽ അമ്മയ്ക്കുള്ള പ്രാധാന്യം എന്താണ് ? നിങ്ങളുടെ വീക്ഷണങ്ങൾകൂടി ഉൾപ്പെടുത്തി കഥാപാത്രനിരൂപണം തയ്യാറാക്കാമോ ?

**പ്രവർത്തനം 4**

''എന്റെ തെറ്റുകൾ ചൂണ്ടി കാട്ടിയതിന് നന്ദിയുണ്ട് ടീച്ചർ.'' യൂജിൻ ടീച്ചറോട് പറഞ്ഞ ഈ വാക്കുകൾ നിങ്ങൾ ശ്രദ്ധിച്ചുവല്ലോ. സ്നേഹത്തോടുകൂടി നമ്മളിലെ തെറ്റുകൾ മനസ്സിലാക്കി തന്നാൽ അത് അംഗീകരിക്കുവാൻ എല്ലാവരും തയ്യാറാകും. യൂജിന്റെ പിൽക്കാല ജീവിതത്തിൽ ഈ സംഭവം വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയാണ് ? യൂജിൻ എന്ന കഥാപാത്രത്തിന്റെ വളർച്ച, കഥയിലെ സ്ഥാനം, സ്വഭാവ സവിശേഷതകൾ, മറ്റു കഥാപാത്രങ്ങളുമായുള്ള ബന്ധം എന്നിവ ഉൾപ്പെടുത്തി ഒരു നിരൂപണക്കുറിപ്പ് തയ്യാറാക്കുക.

**പ്രവർത്തനം 5**

നന്മയുടെ പൂമരങ്ങളായി തണലേകി നിൽക്കുന്നവരെ ലോകത്തിൽ നാം കാണുന്നു.

''ഒരു കണ്ണീർക്കണം മറ്റു
ള്ളവർക്കായി ഞാൻ പൊഴിക്കവേ
ഉദിക്കയാണെന്നാത്മാവി-
ലായിരം സൗരമണ്ഡലം'' (അക്കിത്തം)

എന്ന് കവി പാടുന്നു.

താഴെ കൊടുത്തിരിക്കുന്ന കഥവായിക്കൂ.

## ഇര

മെലിഞ്ഞുണങ്ങി കവിളൊട്ടി പാറിപ്പറക്കുന്ന തലമുടിയുമായി അയാൾ എന്റെ മുന്നിലിരുന്ന് വ്യഥയുടെ കഥകളോതി.

പറഞ്ഞുകൊണ്ടിരിക്കുന്നതിനിടയിൽ പലപ്പോഴും അയാളുടെ കണ്ണുനിറഞ്ഞു; തൊണ്ടയിടറി.

എല്ലാം ഞാൻ മൂളിക്കേട്ടു

ഒടുവിൽ പെയ്തൊഴിഞ്ഞ മനസ്സുമായി ശാന്തനായി അയാൾ മുറിവിട്ടു പുറത്തേയ്ക്ക് പോയപ്പോൾ ഞാൻ ആലോചിച്ചു.

ഒരു ചായയ്ക്കു പോലും ഞാൻ അയാളെ ക്ഷണിച്ചില്ലല്ലോ.

പൊടുന്നനെ, ഫോണിന്റെ മണിയൊച്ച . ഞാൻ പറഞ്ഞു.

"കഥറെഡി. നാളെ രാവിലെ ചെക്കുമായി ആളെ അയയ്ക്കുക."

(പി.കെ. പാറക്കടവ്)

ഇതിലെ കഥാകാരൻ മറ്റുള്ളവർക്കായി കണ്ണീർപൊഴിക്കാറുണ്ടോ ?

അതോ ആ വേദനകൾ സ്വന്തം നേട്ടത്തിനായി ഉപയോഗിക്കുകയാണോ?

ഇത്തരം മനുഷ്യരാണോ ഇന്നു നമുക്കു ചുറ്റും ?

കഥാനായകന്റെ സ്വഭാവം, പ്രവൃത്തി, ജീവിതവീക്ഷണം, നിങ്ങളുടെ കാഴ്ചപ്പാടുകൾ എന്നിവ ചേർത്ത് കഥാപാത്രനിരൂപണം തയ്യാറാക്കുക.

## മേഖല : 3 – താരതമ്യക്കുറിപ്പ്

**പ്രവർത്തനം 1**

**അമ്മ**

മഞ്ഞക്കുറി മുണ്ട് ചുറ്റി,
നറുചന്ദനം നെറ്റിയിൽ ചാർത്തി
രാമായണത്തിൽ ഉറ്റുനോക്കുന്ന
തുളസിക്കതിരാണെന്നമ്മ
മാനത്തെ വെണ്ണക്കുടം നോക്കി
കവിതകൾ ചൊല്ലുന്നമ്മ;
വാത്സല്യച്ചെപ്പ് തുറന്ന്
കഥകൾ പറയുമെന്നമ്മ
മാനത്തെ പൂനിലാവമ്മ
താഴത്തെ മന്ദാരമമ്മ
മുട്ടോളമെത്തുന്ന കാർകൂന്തലിൽ
മുല്ലപ്പൂ ഊയലാടുന്നു
സുന്ദരമേനിയിൽ നിന്നുമാകെ
പാലപ്പൂവിൻ മണമൂറുന്നു
പരൽമീൻ പോലുള്ള കണ്ണിൽ
കാളിന്ദിപ്പുഴയൊഴുകുന്നു
അമ്മതൻ തലോടലിൻ മുന്നിൽ
കുഞ്ഞികുളിർകാറ്റ് തോൽക്കും.

(പുതുമഴ) (ശ്രീലക്ഷ്മി പി.എസ്.)

അമ്മയെക്കുറിച്ചുള്ള കവിത വായിച്ചുവല്ലോ?

താഴെകൊടുത്തിരിക്കുന്ന പത്രവാർത്തകൂടി ശ്രദ്ധിക്കൂ.

**കുട്ടിക്ക് ക്രൂര പീഡനം; മാതാവ് അറസ്റ്റിൽ**

നട്ടൂർ: സ്വന്തം കുട്ടിയെ മർദ്ദിച്ചവശയാക്കിയ കേസിൽ അമ്മയെ പോലീസ് അറസ്റ്റുടെയ്തു. കുട്ടി കാശ് മോഷ്ടിച്ചു എന്ന സംശയത്തിന്റെ പേരിലായിരുന്നു ഈ ക്രൂരത. അവശനായ കുട്ടിയെ ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്..........................

കവിതയും പത്രവാർത്തയും താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**പ്രവർത്തനം 2**

നാറാണത്തു ഭ്രാന്തൻ എന്നും രാവിലെ ഒരു വലിയ കല്ലുരുട്ടി മലയുടെ മുകളിലെത്തിക്കും. പിന്നെ അത് താഴേയ്ക്കുരുട്ടി വിട്ട്, എന്തോ കണ്ടെത്തിയപോലെ കൈകൊട്ടി ഉറക്കെച്ചിരിക്കും.

വ്യത്യസ്തമായി ചിന്തിക്കുന്നവരെ, പൊട്ടൻ, പിരാന്തൻ എന്നൊക്കെ വിളിച്ച് സമൂഹം പരിഹാസിക്കാറുണ്ട്. അവരുടെ പ്രവൃത്തിയുടെ പൊരുൾ മനസ്സിലാക്കുമ്പോൾ ഏറെ വൈകിപ്പോകാറുമുണ്ട്. ആകാശത്തിൽ ഒരു വിടവ്' എന്ന കഥയിലെ കോപ്പനാശാരിയും ഇങ്ങനെ അവഗണിക്കപ്പെടുന്നുണ്ട്. കോപ്പനാശാരിയുടെയും നാറാണത്തു ഭ്രാന്തന്റെയും നിലപാടുകൾ താരതമ്യം ചെയ്ത് കുറിപ്പെഴുതുക. അവരുടെ പ്രവൃത്തി നമുക്ക് നൽകുന്ന സന്ദേശം കൂടി പരിഗണിക്കുമല്ലോ?

**പ്രവർത്തനം 3**

പൊന്നിൻ ചിങ്ങമെത്തി
കൊയ്ത്തിനായി
ഒരുങ്ങിക്കഴിഞ്ഞ പാടങ്ങൾ
ചെടികൾ പൂത്തുലഞ്ഞ് നിൽക്കുന്നു
തുമ്പയും തുളസിയും മുക്കുറ്റിയും മന്ദാരവും....
എങ്ങും സുഗന്ധം പരത്തുന്നു
പൂക്കൾ ശേഖരിക്കുന്ന കുട്ടികൾ
വട്ടമിട്ടു പറക്കുന്ന തുമ്പികൾ
എല്ലാം........ എത്ര മനോഹരമായിരുന്നു
ആ ഓണക്കാലം !

'ഉപവസന്ത'ത്തിലെ ഓണക്കാല ഒരുക്കങ്ങൾ ക്ലാസ്സിൽ ചർച്ച ചെയ്തപ്പോൾ ശേഖരൻ മാഷിന്റെ കുട്ടിക്കാലത്തെ ഓണസ്മരണകൾ ഉണർന്നു. അത് അദ്ദേഹം കുട്ടികളുമായി പങ്കുവച്ചു. ഇന്ന് ഇത്തരം കാഴ്ചകൾ ഇല്ലാതാകുന്നുവോ? മാഷിന്റെ ഓണസ്മരണകളെ ഇന്നത്തെ കാഴ്ചകളുമായി താരതമ്യം ചെയ്തു കുറിപ്പു തയ്യാറാക്കുക.

**പ്രവർത്തനം 4**

**തലമുറകൾക്ക് തണലേകിയ ആൽമരത്തെ റോഡ് വികസനത്തിന്റെ മറവിൽ വെട്ടിവിറ്റ നഗരസഭാധികൃതർ മാപ്പു പറയുക.**

**പ്രകൃതിയെ സംരക്ഷിക്കേണ്ടവർ വൃക്ഷങ്ങൾ നശിപ്പിക്കുന്നത് പരിഷ്കൃത സമൂഹത്തിന് അപമാനം.**

നഗരത്തിലെ ചുവരുകളിൽ പ്രത്യക്ഷപ്പെട്ട പ്രതിഷേധ ശബ്ദങ്ങളാണ് നിങ്ങൾ കണ്ടത്.

## നടുറോഡിൽ ആൽമുത്തച്ഛൻ

**കൂർഗ്: നാട്ടുവഴി നാഷണൽ ഹൈവേ ആയപ്പോഴും ആൽമരത്തെ സംരക്ഷിച്ച അധികൃതരുടെ നടപടിക്ക് അഭിനന്ദന പ്രവാഹം. മരത്തിനു ചുറ്റും മതിൽകെട്ടി വഴി അതിന്റെ ഇരുവശത്തുംകൂടി പണിതാണ് ശ്രദ്ധേയമായ ഈ തീരുമാനം നടപ്പിലാക്കിയത്.**

രണ്ടു സംഭവങ്ങളും ശ്രദ്ധിച്ചല്ലോ? ഈ പ്രവൃത്തികൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**പ്രവർത്തനം 5**

## കൊച്ചുകിളി

ചൊല്ലുകെന്തു ചെറുപക്ഷി നീ കളി-
ച്ചുല്ലസിപ്പതിതു പോലെയെപ്പോഴും
അല്ലൽ നീയറികയില്ലയോ? നിന-
ക്കില്ലയോ പറകെഴുത്തുപള്ളിയും?
കൊച്ചുശാഖകളിലാഞ്ഞിരിപ്പതും
പിച്ചിയന്നപടി പാടിടുന്നതും
ഇച്ഛപോലുയരെ നീ പറപ്പതും
മെച്ചമിന്നിവയെനിക്കു കൂടുമോ?
കാലുയർത്തിയയി, കാറ്റിലാടുമൂ-
ഞ്ഞാലിൽ മേവി രസമേലുമെത്രഞാൻ!
നീലവിൺ വഴി പറന്നെഴും സുഖം
ലോലമെയ്യിതിൽ നിനക്കൊതുങ്ങുമോ?
ചിത്രമിങ്ങു, പുഴ, കുന്നിവറ്റ തെ-
ല്ലത്തലെന്നി കിളി, നീ കടപ്പതും

എത്തി വന്മുതലമേലുമാനതൻ
മസ്തകത്തിലുമിരുന്നിടുന്നതും!
ചേണിയന്ന, ചിറകാർന്നൊരോമന-
പ്രാണി, നിൻ തടവകന്ന ലീലകൾ
കാണുകിൽക്കൊതിവരും - പഠിക്കുവാൻ
പോണു- കൊച്ചുകിളിയായതില്ല ഞാൻ!
(പുഷ്പവാടി) (ആശാൻ)

കവിത വായിച്ചല്ലോ!

'ഒരരിപ്പിറാവ്' എന്ന കവിതയുമായി താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## മേഖല: 4 - ഡയറിക്കുറിപ്പ്

### പ്രവർത്തനം 1

ഭംഗിപിടിപ്പിക്കലിനുവേണ്ടി നാം എത്രയോ ഭംഗികൾ നശിപ്പിക്കുന്നു. വീടുപണിയുവാൻ വേണ്ടി തൊടിയിൽ നിന്നിരുന്ന ആഞ്ഞിലി മരം വെട്ടി വീഴ്ത്തിയപ്പോൾ, അതിൽ കൂട്കൂട്ടിയികുന്ന കാക്കയ്ക്കും മക്കൾക്കും അവരുടെ വീട് നഷ്ടമായി.

കാക്കയുടെ എത്രനാളത്തെ അദ്ധ്വാനത്തിന്റെ ഫലമായിരുന്ന ആ കൂട്. നിമിഷ നേരം കൊണ്ട് അത് തകർന്നുവീണപ്പോൾ കാക്കയുടെ മനസ്സ് എത്ര വേദനിച്ചുകാണും. കാക്കയ്ക്ക് നമ്മോട് പറയാനുള്ള കാര്യങ്ങൾ ഡയറിയുടെ രൂപത്തിൽ അവതരിപ്പിക്കൂ.

### പ്രവർത്തനം 2

രാത്രി ഏറെയായി പട്ടാള ക്യാമ്പിലെ ചുവരുകൾക്കുള്ളിൽ യൂജിൻ തനിച്ചാണ്. അയാൾ ഉറങ്ങാൻ കിടന്നു. ഉറക്കം വരുന്നില്ല. ബാല്യകാലസുഹൃത്തുക്കൾ, നന്ദിനി ടീച്ചർ........ എവിടെയായിരിക്കാം അവരൊക്കെ? ഓർമ്മകൾ ബാല്യത്തിലേക്ക് തിരിച്ചു പോയി. പേനയും ഡയറിയുമെടുത്ത് അവൻ എഴുതാൻ തുടങ്ങി.

യൂജിൻ എഴുതിയ ഡയറിയിൽ എന്തായിരിക്കും? എഴുതുക?

### പ്രവർത്തനം 3

തലമുറകളെ ഉയരംകൊണ്ട് വിസ്മയിപ്പിച്ച അയിനിമരം താഴെ വീണിരിക്കുന്നു. ഇനി അത് ആർക്കും തണലും ഫലവും ഏകില്ല. ശിഖരങ്ങളെല്ലാം തകർന്ന് വികൃതമായ അയിനിമരത്തെ നോക്കി കോപ്പനാശാരി നെടുവിർപ്പെട്ടു. അയാളുടെ ബാല്യവും കൗമാരവുമെല്ലാം വളർന്നത് ഈ മരത്തോടൊപ്പമാണ്. കൂട്ടുകാർക്കൊപ്പം മണ്ണപ്പം ചുട്ടതും കളിവീട് വെച്ചതും എല്ലാം ആ മരത്തണലിലാണ്. കോപ്പനാശാരിയുടെ വികാരവിചാരങ്ങൾ ഡയറിയായി ചിത്രീകരിക്കൂ.

**പ്രവർത്തനം 4**

രണ്ടുദിവസം തോരാതെ പെയ്ത മഴയ്ക്ക് അല്പം ശമനമായി. അപ്പു ബാഗും കുടയുമായി സ്കൂളിലേക്ക് നടന്നു. കൂട്ടുകാരെ ഒന്നും കാണുന്നില്ല. വഴിയാത്രക്കാർ സ്കൂൾ അവധിയാണെന്ന് പറഞ്ഞിട്ടും അവൻ സ്കൂളിലേക്ക് തന്നെ നടന്നു. സ്കൂളിലെത്തിയപ്പോൾ അവിടെ വലിയ തിരക്ക്: ദുരിതാശ്വാസ ക്യാമ്പ് തന്റെ സ്കൂളിൽ തുറന്നിരിക്കുകയാണ്. അവൻ എല്ലാം നോക്കി കണ്ടു, വീട് നഷ്ടപ്പെട്ട് വിലപിക്കുന്നവർ, തറയിൽ കിടന്നുറങ്ങുന്ന കുട്ടികൾ, ആടുകളെയും പശുക്കളെയും തൂണുകളിൽ കെട്ടിയിരിക്കുന്നു. അവന് അധികനേരം അവിടെ നിൽക്കാൻ തോന്നിയില്ല. വീട്ടിലെത്തിയപ്പോൾ അവൻ അസ്വസ്ഥനായിരുന്നു. അവൻ തന്റെ ഡയറി എടുത്ത് എഴുതാൻ തുടങ്ങി. അപ്പുവിന്റെ ഡയറി പൂർത്തിയാക്കൂ.

**പ്രവർത്തനം 5**

അംബാപുരം ഗവ.യുപി.സ്കൂളിൽ പരിസ്ഥിതി വാരാചരണം വിപുലമായ പരിപാടികളോടെയാണ് കൊണ്ടാടിയത്. വൃക്ഷത്തൈനടീൽ, ബോധവൽക്കരണ ക്ലാസ്സുകൾ, കുട്ടികൾക്കായുള്ള വിവിധ മത്സരങ്ങൾ, പ്രദർശനം, സെമിനാർ തുടങ്ങിയവയും നടന്നു. വനം മന്ത്രി അടക്കുമുള്ള പ്രമുഖർ സമാപന സമ്മേളനത്തിൽ പങ്കെടുത്തു. മികച്ച പരിസ്ഥിതി പ്രവർത്തകനായി സ്കൂളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടത് അനന്ദു എന്ന ഏഴാം ക്ലാസ്സ് വിദ്യാർത്ഥിയാണ്. എല്ലാവരും അവനെ അഭിനന്ദിച്ചു. മന്ത്രിയുടെ കൈയ്യിൽ നിന്ന് അവൻ പുരസ്ക്കാരവും ഏറ്റുവാങ്ങി. അന്നേദിവസം അനന്ദു എഴുതിയ ഡയറിക്കുറിപ്പ് തയ്യാറാക്കൂ.

**പ്രവർത്തനം 6**

“നൂറ്റി അറുപതിന് അല്പം കുറവുണ്ട്. അത് ഇത്ര ഉയരത്തിൽ പിടിച്ചിട്ടല്ലേ താഴ്ത്തി പിടിക്ക്.” ഉടമസ്ഥനും, മരം വാങ്ങാൻ വന്നവരുമായിട്ടുള്ള സംഭാഷണം അയിനി മുത്ത

ച്ഛൻ ശ്രദ്ധിച്ചു. തലമുറകൾ നീണ്ടുനിന്ന തന്റെജീവിതം അന്ത്യത്തോടടുക്കുകയാണ് എന്ന് മരമുത്തച്ഛന് മനസ്സിലായി ആർക്കും എത്തിപ്പിടിക്കാവാത്ത ഉയരത്തിൽ നിന്നുകൊണ്ട് എത്രയെത്ര കാഴ്ചകൾ.................... മനുഷ്യജീവിതങ്ങൾ...............

മരമുത്തച്ഛന്റെ ഓർമ്മകൾ ഒരു ഡയറിക്കുറിപ്പിന്റെ രൂപത്തിൽ എഴുതി സൂക്ഷിച്ചാലോ?

**പ്രവർത്തനം 7**

പുഞ്ചനെൽപ്പാടങ്ങൾ പുഞ്ചിരികൊൾകവേ
കൊഞ്ചിയും പൂഞ്ചിറകിട്ടടിച്ചും..
........................................................................
........................................................................

പാടിപ്പറന്ന് തീറ്റതേടി നടന്ന കാലത്തെക്കുറിച്ച് അമ്മക്കിളി പറയാറുള്ളത് അരിപ്പിറാവ് ഓർത്തു. അന്ന് പാടങ്ങളിൽ ഇറങ്ങിയാൽ വയറുനിറയെ ധാന്യമണികൾ കൊത്തിത്തിന്നുവാൻ കിട്ടുമായിരുന്നത്രേ ! അരിപ്പിറാവിന് സങ്കടം തോന്നി. ഇന്ന് എത്ര പറന്നാലും ഒന്നും കിട്ടാനില്ല .... കാണുന്ന കാഴ്ചകൾ...........................

അരിപ്പിറാവ് കണ്ട കാഴ്ചകൾ ഡയറിക്കുറിപ്പായി എഴുതി തയ്യാറാക്കൂ....

## മേഖല: 5 - ജീവചരിത്രക്കുറിപ്പ്

**പ്രവർത്തനം 1**

സച്ചിദാനന്ദന്റെ ജീവിതത്തിലെ ചില സൂചനകളാണ് ചുവടെ നൽകിയിരിക്കുന്നത്.

**തൃശ്ശൂർ പുല്ലൂറ്റ്**
**1946 മെയ് 25**

മറ്റ് കൃതികൾ
**കവിതയും ജനതയും**
**സംഭാഷണങ്ങൾ**
**മുഹൂർത്തങ്ങൾ**
**കുരുക്ഷേത്രം**

**കവിതകൾ**
എഴുത്തച്ഛൻ എഴുതുമ്പോൾ
ഇവനെക്കൂടി
മലയാളം
ആത്മഗീത
വീടുമാറ്റം

**കവി**
**നിരൂപകൻ**
**അദ്ധ്യാപകൻ**
**വിവർത്തകൻ**
**കേന്ദ്രസാഹിത്യ-**
**അക്കാദമി സെക്രട്ടറി**

**പരിസ്ഥിതി സ്നേഹം**
**അവഗണിക്കപ്പെട്ടവരോടും**
**പീഡിതരോടും ഐക്യ**
**ദാർഢ്യം**
**കവിതയിൽ പുതുപരീക്ഷ**
**ണങ്ങൾ**

സൂചനകളുടെ അടിസ്ഥാനത്തിൽ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.

**പ്രവർത്തനം 2**

മലയാള ഭാഷാ വാരാചരണത്തോടനുബന്ധിച്ച് സ്കൂളിൽ നടത്തിയ വള്ളത്തോൾ അനുസ്മരണ പ്രഭാഷണത്തിൽ നിന്നും തെരഞ്ഞെടുത്ത പ്രസക്തഭാഗങ്ങൾ പദസൂര്യനായി നൽകിയിരിക്കുന്നു.




"ത്യാഗമെന്നതേ നേട്ടം, താഴ്മതാന്നഭ്യുന്നതി"

പദസൂര്യനെ അടിസ്ഥാനമാക്കി ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.

## പ്രവർത്തനം 3

കൂവച്ചൽ യു.പി. സ്കൂളിലെ കുട്ടികൾ പഠന പ്രവർത്തനത്തിന്റെ ഭാഗമായി തയ്യാറാക്കിയ സി. രാധാകൃഷ്ണന്റെ ജീവിതരേഖയാണ് താഴെ ചേർക്കുന്നത്

**മലപ്പുറം തിരൂരിൽ**
**ജനനം (1939)**
**നോവലിസ്റ്റ്,**
**പത്രാധിപർ**

**നോവൽ**
**നിഴൽപ്പാടുകൾ**
**സ്പന്ദനമാപിനികളെ നന്ദി**
**മുമ്പേ പറക്കുന്ന പക്ഷികൾ**
**തീക്കടൽ കടഞ്ഞ്**
**തിരുമധുരം**

**ആത്മകഥാപരമായ**
**നോവലുകൾ**
**ശാസ്ത്രാഭിമുഖ്യം**

സൂചനകൾ പ്രയോജനപ്പെടുത്തി ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.

## പ്രവർത്തനം 4

**എം.പി.അപ്പൻ**
**(1913–2004)**

അദ്ധ്യാപകൻ, കവി

തിരുവനന്തപുരം ജഗതി

വള്ളത്തോൾ പുരസ്ക്കാരം

ആശാൻ പ്രൈസ്

എഴുത്തച്ഛൻ പുരസ്ക്കാരം

വെള്ളിനക്ഷത്രം, തരംഗലീല, ബാലികാരാമം, അന്തിമേഘങ്ങൾ, ലീലാസൗധം, സ്വാതന്ത്ര്യഗീതം

"കൊച്ചുമരത്തിൽ തത്തിയിരിക്കും
പച്ചക്കിളിയേ പാടുക നീ
കനികൾ തരാം ഞാൻ, പാലുതരാം ഞാൻ
കനിവൊടു പാടുക പാടുക നീ.."

പ്രകൃതി സൗന്ദര്യം, മാനവസ്നേഹം, സുന്ദരമായ രചനാശൈലി

സൂചനകൾ പ്രയോജനപ്പെടുത്തി എം.പി അപ്പനെക്കുറിച്ച് ഒരു ലഘു ജീവ ചരിത്രക്കുറിപ്പ് തയ്യാറാക്കുക.

**പ്രവർത്തനം 5**

മഹാന്മാരായ ഭാരതപുത്രന്മാരെക്കുറിച്ച് ലഘുജീവചരിത്രക്കുറിപ്പ് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാൻ ചെല്ലാട് ഗവ. യു.പി സ്കൂൾ തീരുമാനിച്ചു. ഇതിനായി സൂചനകൾ പ്രയോജനപ്പെടുത്തി ഡോ.എസ്. രാധാകൃഷ്ണന്റെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.

**ഡോ. സർവ്വേപ്പള്ളി രാധാകൃഷ്ണൻ (1888 - 1975)**

രാഷ്ട്രപതി,
ഉപരാഷ്ട്രപതി

ഭാരതരത്നം
നൂറിൽപ്പരം ഓണററി-
ഡോക്ടറേറ്റുകൾ

ചിന്തകൻ
വൈസ് ചാൻസലർ
അദ്ധ്യാപകൻ
അംബാസഡർ

ഭാരതീയ തത്വചിന്തയുടെ മഹത്വം ലോകത്തിന് തുറന്നുകാട്ടിയ പ്രതിഭാശാലി

ജന്മദിനം
അദ്ധ്യാപകദിനം

ഇൻഡ്യൻ ഫിലോസഫി, ഉപനിഷത്തുക്കളുടെ തത്വശാസ്ത്രം, പൗരസ്ത്യ മതവും പാശ്ചാത്യ ചിന്തയും

# സർവ്വ ശിക്ഷാ അഭിയാൻ കേരളം
## നിരന്തര മൂല്യനിർണയം - യൂണിറ്റ് ടെസ്റ്റ്
### ഗ്രേഡിംഗ് സൂചകങ്ങൾ

ക്ലാസ്സ്: VI | വിഷയം: മലയാളം

കേരളപാഠാവലി

**1. ആസ്വാദനക്കുറിപ്പ്**

- ആശയങ്ങളുടെ തുടക്കം മുതൽ ഒടുക്കംവരെയുള്ള ക്രമമായ വളർച്ച
- ആസ്വാദന തലം കണ്ടെത്തിയിട്ടുണ്ട് (പ്രയോഗഭംഗി, ഔചിത്യം, പ്രാസഭംഗി, ധ്വനി, വർണ്ണന)
- സ്വന്തം നിരീക്ഷണം, നിരീക്ഷണത്തിന്റെ സമൂഹ്യ പ്രസക്തി
- കൃതി കർത്താവ്, വിഭാഗം തുടങ്ങിയ പ്രസക്തമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**2. കഥാപാത്രനിരൂപണം**

- പ്രശ്നം / ആശയവുമായി ബന്ധപ്പെട്ട് കഥാപാത്രത്തെ വിശകലനം ചെയ്ത് കണ്ടെത്തലുകൾ നടത്തിയിട്ടുണ്ട്.
- സ്വന്തം കണ്ടെത്തലുകളും അഭിപ്രായങ്ങളും ശക്തമായി അവതരിപ്പിക്കാൻ പറ്റിയ ഭാഷ പ്രയോഗിച്ചിട്ടുണ്ട്. (ഘടന, സവിശേഷപ്രയോഗങ്ങൾ, ശൈലി)
- കഥാപാത്രത്തിന്റെ ശക്തി ദൗർബല്യങ്ങൾ, ജീവത വീക്ഷണം, സ്വഭാവം, പെരുമാറ്റം തുടങ്ങിയവ വിശകലനം ചെയ്തിട്ടുണ്ട്.
- കഥാപാത്രത്തിന്റെ സമകാലിക സാമൂഹിക പ്രസക്തി കണ്ടെത്തി യുക്തിപൂർവ്വം അവതരിപ്പിച്ചിട്ടുണ്ട്.

**3. താരതമ്യക്കുറിപ്പ്**

- വിഷയവുമായി ബന്ധപ്പെട്ട ആശയങ്ങളുടെ സമഗ്രത
- താരതമ്യം ചെയ്തു സ്വന്തം കാഴ്ചപ്പാട് അവതരിപ്പിച്ചിട്ടുണ്ട്
- ആശയങ്ങൾ പൂർവ്വാപരബന്ധത്തോടെ അവതരിപ്പിച്ചിട്ടുണ്ട്.

**4. ഡയറിക്കുറിപ്പ്**

- ആത്മനിഷ്ഠമായ രചനാരീതി (വക്താവിന്റെ ഹൃദയവികാരം പ്രകടിപ്പിക്കുന്ന രീതി)
- സംക്ഷിപ്തത
- അനുഭവങ്ങളുടെ ആവിഷ്ക്കാരം (സ്വാനുഭവ പ്രതീതി)

5. **ജീവചരിത്രക്കുറിപ്പ്**

- പ്രസക്തമായ ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട് (വ്യക്തിയുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങളും മൂഹൂർത്തങ്ങളും ഉണ്ടാവണം. വിവിധ പ്രശ്നങ്ങളോടുള്ള വ്യക്തി യുടെ നിലപാടുകൾ വ്യക്തമാക്കണം. വ്യക്തിയുടെ സ്വഭാവ സവിശേഷതകൾ ആവിഷ്ക്കരിക്കണം)
- വസ്തുനിഷ്ഠമായ രചനാ രീതി ( വ്യക്തിയുടെ ജീവിതത്തിലെ സംഭവങ്ങൾ അനുക്ര മമായി ആകർഷകമായും വസ്തുനിഷ്ഠമായി അവതരിപ്പിക്കണം.)
- ആശയ ക്രമീകരണം ( ആശയങ്ങൾ പരസ്പരബന്ധിതമായി കാലാനുക്രമമായി അവതരിപ്പിക്കണം.)